# ഓലായിക്കര നോർത്ത്
# എൽ.പി.സ്കൂൾ



## കൂത്തുപറമ്പ് ഉപജില്ല
## കോട്ടയം സി.ആർ.സി



# അക്കാദമിക് മാസ്റ്റർ
# പ്ലാൻ 2025-26



# ഓലായിക്കര നോർത്ത് എൽ.പി.സ്കൂൾ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം – കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം വലുതാണ്. ചെറുതും വലുതുമായ എന്തെങ്കിലും പ്രവർത്തനങ്ങൾ എറ്റെടുക്കാത്ത ഒരു വിദ്യാലയവും ഇന്ന് ഉണ്ടാവില്ല. ഭൗതിക സാഹചര്യത്തിൽ ഊന്നിയുള്ളതായിരുന്നു ആദ്യഘട്ട ചർച്ചയും പ്രവർത്തനങ്ങളും. "മികവ്" എന്ന വാക്ക് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പറയുമ്പോൾ അത് അക്കാദമിക്ക് മികവു എന്നു തന്നെയാണ് അർത്ഥമാക്കുന്നത്.

അപ്പോൾ എന്താണ് അക്കാദമിക്ക് മികവ് എന്നത് ഏറെ പ്രസ്ക്തമാണ് ഈ ഘട്ടത്തിൽ ഒരു കുട്ടിക്ക് അവന്റ ജീവിതം ഏറ്റവും മെച്ചപ്പെട്ട രീതിയിൽ കരുപിടിപ്പിക്കാൻ വേണ്ട കഴിവിനെ അക്കാദമിക്ക് മികവ് എന്ന് ഞങ്ങൾ അർത്ഥമാക്കുന്നു. ആവശ്യമായ സന്ദർഭത്തിൽ തുണയായി എത്തുന്ന അറിവാണ് ശരിയായ അറിവ്. സാമുഹ്യ ബാധ്യത നിറവേറ്റാനുള്ള മനോഭാവം, ദേശസ്നേഹം, പരിസ്ഥിതിചിന്ത, അന്ത വിശ്യാസങ്ങൾക്ക് എതിരെയുള്ള പോരാട്ടം, കുടുംബബന്ധം സുക്ഷിക്കൽ, ചെയ്ത ജോലിക്ക് കുലി, മെച്ചപ്പെട്ട ജോലി തിരെഞ്ഞെടുക്കൽ – അങ്ങനെ പലതുമാണ്.

വിദ്യാഭ്യാസ വരേണ്യവത്ക്കരണവും, കച്ചവട വത്ക്കരണവും യഥാർത്യമായ ഒരു സമുഹത്തിൽ സാമർത്ഥ്യം കുറഞ്ഞവരെ ഉയർത്തിക്കൊണ്ട് വരാനും, ദേശീയ ബോധം ഉൽപ്പെടെയുള്ള മുല്യബോധം വളർത്താനും സങ്കുചിതത്വത്തിലേക്കുള്ള പോക്ക് തടയാനും, ജനാധിപത്യ സമ്പ്രദായം നില നിൽക്കാനും കഴിവ് തിരിച്ചറിഞ്ഞ് വികസിപ്പിക്കാനും, പൗരനെ പ്രാപ്തനാക്കി വളർത്താനുമുള്ള സാമുഹ്യ ബാധ്യതയാമ് പൊതുവിദ്യാലയങ്ങൾക്കുള്ളത്.

അത് നിലനിർത്താൻ പൊതു വിദ്യാലയം ഏറ്റവും മികച്ച വിദ്യാ കേന്ദ്രങ്ങളാക്കി മാറണം. പൊതു സമൂഹം ഒന്നാകെ ആശ്രയിക്കുന്ന പൊതു ഇടമായി പൊതു വിദ്യാലയങ്ങൾ മാറണം. അതിന് നമുക്ക് ഒരുമയോടെ കൈകോർത്ത് മുന്നോറാം.

സ്ഥലം : പാച്ചപൊയ്ക

തിയ്യതി : **10/07/2025**

ഹെഡ്മാസ്റ്റർ

ഓലായിക്കര നോർത്ത് എൽ.പി.സ്കൂൾ

# വിഷൻ - 2025-26

## അക്കാദമിക് കാഴ്ചപ്പാടുകൾ

- പ്രൈമറി തലം പൂർത്തിയാക്കുന്ന മുഴുവൻ കുട്ടികളേയും ഭാഷ കൈകാര്യം ചെയ്യാനുള്ള മികച്ച നിലവാരത്തിലേക്ക് എത്തിക്കും
- സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിനുള്ള ശേഷി ഉണ്ടാക്കും.
- കുട്ടികളിൽ നല്ല കലാ-കായിക ശേഷികൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
- ശാസ്ത്രാഭിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ഗണിത ശാസ്ത്രത്തിൽ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും നിർധാരണം ചെയ്യുന്നതിനാവശ്യമായ കഴിവ് ഉണ്ടാക്കും.
- പഠന പ്രവർത്തനങ്ങളിൽ ഐ.ടി സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കും.
- ദിനാചരണങ്ങളിലും, ആഘോഷങ്ങളിലും അക്കാദമിക് താൽപര്യത്തിന് മുൻഗണന നൽകും.
- വായനയ്ക്ക് ഉയർന്ന പ്രാധാന്യം നൽകും
- ശുചിത്വ ശീലം പരിസര ശുചിത്വം എന്നിവയിൽ പ്രത്യേകമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- മത്സര പരീക്ഷകൾക്ക് പ്രത്യേകമായ പരിശീലനം നൽകും .

- കലാ-കായിക പ്രവർത്തി പരിചയ മേഖലകളിൽ വിദഗ്ദരുടെ സേവനം ഉറപ്പുവരുത്തും.
- മാസത്തിൽ രണ്ട് എസ്.ആർ.ജി യോഗം ചേരും.

## ഭൗതിക കാഴ്ചപ്പാടുകൾ

- ആവശ്യത്തിന് സൗകര്യ പ്രദമായ ക്ലാസ് മുറികൾ ഉണ്ടാവണം.
- ക്ലാസ് മുറികളുടെ അപര്യാപ്തത പരിഹരിക്കാൻ പുതിയ കെട്ടിടം നിർമ്മിക്കണം.
- ക്ലാസ് മുറിയും ഇരിപ്പിടങ്ങളും ശിശു സൗഹൃദപരമാവണം.
- സ്കൂൾ അന്തരീക്ഷം ഹരിതാഭമാവണം.
- ക്ലാസ് മുറികൾ ഹൈടെക് ആവണം.
- സൗകര്യ പ്രദമായ പാചകപുര, ഭക്ഷണശാല, എന്നിവ നിർമ്മിക്കണം.
- മൂത്രപ്പുര, കക്കൂസ് എന്നിവ മികച്ച രീതിയിൽ ആവണം.
- മികച്ച ഒരു ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കണം.

## സാമൂഹ്യ കാഴ്ചപ്പാടുകൾ

- സ്കൂൾ പരിസരത്തുള്ള മുഴുവൻ കുട്ടികളെയും സ്കൂളികളിലേക്ക് ആകർഷിക്കും.
- പൊതുവിദ്യാലായം നാടിന്റെ സമ്പത്താണ് എന്ന കാഴ്ചപ്പാട് പൊതു സമൂഹത്തിൽ ഉണ്ടാക്കും.

- പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവരെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കും.
- വിദ്യാലയ വികസനത്തിന് ചുറ്റുപാടുമുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ സഹായം ഉറപ്പാക്കും.
- സ്കൂൾ വാർഷികത്തിലും മറ്റ് ദിനാചരണങ്ങളിലും സാസ്കാരിക സ്ഥാപന ങ്ങളുടെ പരിപാടികളും, പങ്കാളിത്തവും ഉറപ്പ് വരുത്തുക.
- പ്രാദേശിക വിഭവങ്ങളുടെ ലഭ്യത പരമാവധി സ്കൂൾ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തും
- വിദ്യാലയ പരിസരത്തുള്ള അംഗൻ വാടികൾ, ക്ലബുകൾ, വായനശാലകൾ, എന്നിവയെ വിദ്യാലയത്തിലെ ദിനാചരണങ്ങൾ വാർഷികാഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തും.

# ഭാഷാ ശേഷീ വികസനം

## ലക്ഷ്യങ്ങൾ:

- ഭാഷയുടെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നു.
- വായന, ലേഖനം, ഭാഷണം, സർഗാത്മക രചനകൾ, അഭിനയം, രചനകൾ, നിർമ്മാണം, എന്നിവയിൽ മികവുറ്റവരാക്കുന്നു
- പുതിയ സന്ദർഭങ്ങളെ ഭയരഹിതമായി സമീപിക്കാൻ പ്രാപ്തരാക്കുന്നു.
- മത്സര പരീക്ഷകളെ സധൈര്യം സമീപിക്കുന്നു.
- പൊതുജനം അവജ്ഞയോടെ വീക്ഷിക്കുന്ന അക്ഷരത്തെറ്റ് പഴങ്കഥയാവുന്നു.
- സമഗ്ര സൈറ്റിൽ എല്ലാവരും സൈൻ ഇൻ ചെയ്ത് പ്രയോജനപ്പെടുത്തും.

## പ്രവർത്തനങ്ങൾ

- സമയബന്ധിതമായി പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു.
- സമഗ്ര സൈറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നു.
- പഠനോപകരണങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.
- പാഠക്കുറിപ്പുകൾ സമഗ്രമാക്കുന്നു.
- വായനയ്ക്ക് വേണ്ടി പ്രത്യേക പരിപാടി.
- ലേഖന പ്രശ്നം പരിഹരിക്കൽ നിരന്തര ശ്രമം.
- ലഘു കവിതകളുടെ ആലാപനം – നിരന്തര മത്സരത്തിന് അവസരം.
- സർഗാത്മക രചനകൾക്ക് ക്ലാസ്സ് റൂം പ്രവർത്തനത്തോട് ചേർന്ന് അവസരങ്ങൾ.
- ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ചരിത്ര പുനരാഖ്യാനം. തിയറ്റർ പ്രവർത്തനം – രംഗാവിഷ്കാരം.
- ബാലസഭ, അസംബ്ലി എന്നിവയിൽ കഴിവ് പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.
- ഭാഷണം മെച്ചപ്പെടുത്താനുള്ള പരിപാടികൾ.

## മലയാളം

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| സമയബന്ധിതമായി പാഠഭാഗം അവതരിപ്പിക്കും | നിരന്തരം | വാർഷിക പദ്ധതി രൂപീകരിക്കും, പ്രതിമാസ പദ്ധതി രൂപീകരിക്കും, പ്രവർത്തനകലണ്ടർനിർമ്മിക്കും | എസ്.ആർ.ജി |
| പഠനോപകരണങ്ങൾ ഉപയോഗിക്കും | നിരന്തരം | പഠനോപകരണങ്ങൾ ഓരോ ക്ലാസിനും ഉപയോഗപ്പെടുത്തും ആവശ്യമായവ നിർമ്മിക്കാൻ കുട്ടികൾ, രക്ഷിതാക്കൾ എന്നിവരുടെ സഹായം തേടും ഈ രംഗത്തുള്ള വിദഗ്ദരെയും ഉപയോഗപ്പെടുത്തും | അധ്യാപകർ പി.ടി.എ |
| പഠനകുറിപ്പുകൾ സമഗ്രമാക്കും | നിരന്തരം | ടീച്ചിംഗ് മാന്വൽ സമഗ്രമാക്കൽ സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് പ്രത്യേക പരിപാടികൾ പരിഹാര ബോധനതന്ത്ര സൂചിപ്പിക്കും, വിലയിരുത്തൽ പേജിന് പ്രാധാന്യം നൽകും റഫറൻസുകൾ, ഐ.സി.ടി സാധ്യതകൾ ഫലപ്രദമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും. | എസ്.ആർ.ജി |

| | | | |
|---|---|---|---|
| | | പ്രതിഫലനാത്മക കുറിപ്പുകൾ രേഖപ്പെടുത്തും. | |
| ലേഖനപ്രശ്നം പരിഹരിക്കൽ | നിരന്തരം | അക്ഷരതെറ്റുകൾ ഒഴിവാക്കാൻ പ്രത്യേക പരിപാടികൾ<br>ബോർഡ്നിരന്തരം ഉപയോഗിക്കും<br>കേട്ടെഴുത്ത് ശീലമാക്കും<br>ചിഹ്നത്തിന്റെ പ്രാധാന്യം ഉറപ്പിക്കും<br>ചിഹ്നം ഒഴിവാക്കിയുള്ള വായന,<br>ചിഹ്നം മാറിപ്പോയാലുള്ള വായന<br>ശരിയായചിഹ്നംചേർക്കൽ കളി<br>അക്ഷരവടിവ് ലേഖനരീതി ഉച്ചാരണം എന്നിവയിൽ ഊന്നൽ<br>3,4,5, ക്ലാസുകളിൽ കോപ്പി എഴുതുന്നു. | ക്ലാസ് ടീച്ചർ |
| ലഘുകവിതകളുടെ അവതരണം | അസംബ്ലി ബാലസഭ | ക്ലാസിലെ പാഠഭാഗത്തെയും അല്ലാത്താതുമായ ലഘു കവിതകൾ ശേഖരിച്ച് അസംബ്ലി ബാലസഭ എന്നിവയിൽ അവതരിപ്പിക്കുന്നു.<br>പാഠപുസ്തകത്തിലെ മുഴുവൻ കവിതകൾ കാണാതെ പഠിച്ച് ചൊല്ലുന്നു. | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ഭാഷണം മെച്ചപ്പെടുത്താനുള്ള പരിപാടി | അസംബ്ലി ബാലസഭ | എല്ലാ ദിവസവും നടക്കുന്ന അസംബ്ലിയിൽ 3,4,5 ക്ലാസിലെ കുട്ടികൾ പത്രവാർത്ത എഴുതി വായിക്കുന്നു.<br>ചില ദിവസങ്ങളിൽ പ്രത്യേക വിഷയത്തെക്കുറിച്ച് അസംബ്ലിയിൽ ഭാഷണം നടത്തുന്നു.<br>ക്ലാസ് മുറിയിൽ പാഠഭാഗത്തിലെ ചില കഥാപാത്രങ്ങളായി സങ്കൽപിച്ച് ഭാഷണം നടത്തുന്നു. | ക്ലാസ് ടീച്ചർ |

## ഗണിതമേഖല

ഗണിതം ഒരു പ്രയാസ മേഖലയായി ഇന്നും തുടരുന്നു. കാരണങ്ങൾ പലവട്ടം അവലോകനം ചെയ്യുകയും പരിഹാര രീതികൾ ആവിഷ്കരിച്ചെങ്കിലും പ്രശ്നം തുടരുന്നു എന്നതാണ് യാഥാർത്ഥ്യം കുട്ടി എന്തറിഞ്ഞു – എന്തറിഞ്ഞില്ല എന്ന വിലയിരുത്തലും പരിഹാര പരിപാടികളും,പഠനോപകരണങ്ങളുടെ ഉപയോഗക്കുറവും,നിരന്തര പരിശീലനവും, പ്രായോഗിക പ്രശ്നങ്ങളുടെ കുറവും ഒരു പരിധി വരെ കാരണമാകുന്നു.

പ്രായോഗിക പ്രശ്നങ്ങൾ എന്ന രീതിയിൽ കുട്ടിക്ക് നൽകുന്നതും എഴുതി നൽകുന്ന ചോദ്യങ്ങളുടെ അപഗ്രഥനവും പ്രശ്ന പരിഹരണവുമാണ് പ്രായോഗികതയ്ക്ക് ശരിയായ അർത്ഥമുണ്ടാകുംവിധമുള്ള ഇടപെടലുകൾ സാധിക്കേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ

- സംഖ്യാബോധം ഉറപ്പാക്കുന്നു
- ചതുഷ്ക്രിയകളിൽ നിരന്തര പരിശീലനത്തിലൂടെ ധാരണ ഉറപ്പിക്കുന്നു.
- പ്രായോഗിക പ്രശ്ന നിർധാരണത്തിന് പ്രായോഗികമായ സാഹചര്യം ഒരുക്കുന്നു.
- രക്ഷിതാക്കളെ ഗണിത ബോധനത്തിന്റെ സഹാധ്യാപകനായി മാറ്റുന്നു.
- സമയബന്ധിതമായും ഫലപ്രദമായും പാഠഭാഗം വിനിമയം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

- ക്ലാസ്സ് തലത്തിൽ സംഖ്യാ ബോധത്തിന്റെ തലം തീരുമാനിക്കുന്നു.
- ക്ലാസ്സ് തലത്തിൽ പ്രവർത്തനങ്ങളുടെ ഒരു ബേങ്ക് തയ്യാറാക്കുന്നു (വ്യക്തിഗതമായി തയ്യാറാക്കുന്നതിന് പകരം ശനിയാഴ്ചകളിൽ കൂടിയിരുന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഒരുക്കം നടത്തുന്നു.)
- സ്വയം വിശദീകരണ ക്ഷമമായ വർക് ഷീറ്റുകൾ രൂപീകരിക്കുന്നു.
- ഹോം വർക്കുകളുടെ ഒരു ശേഖരം രൂപീകരിക്കുന്നു.(രക്ഷിതാക്കൾക്ക് പരിശീലനം നൽകിയതിനുശേഷം മാത്രം നൽകുന്നു.)
- എൽ.എസ്.എസ് കുട്ടികൾക്കുവേണ്ടി പ്രത്യേക പാക്കേജ് തയ്യാറാക്കുന്നു.
- ഗണിതക്യാമ്പ് നടത്തുന്നു.(ഗണിത കൗതുകം,പസിലുകൾ,ഗണിതകേളികൾ,ഗണിത നിർമ്മാണം,ഒറിഗാമി എന്നിവ ഉൾപ്പെടുത്തുന്നു.
- ഉത്തരപ്പെട്ടി –പ്രതിവാര ചോദ്യോത്തര പരിപാടി.

## ഗണിതം

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ക്ലാസ് തലത്തിൽ സംഖ്യാ ബോധത്തിന്റെ തലം തീരുമാനിക്കുന്നു | മധ്യവേനൽഅവധിക്കാലം. | അവധിക്കാലത്ത് കൂടിയിരുന്ന് സംഖ്യാ ബോധത്തിന്റെ വ്യത്യസ്ത ധാരണകൾ ഏതൊക്കെയാകണമെന്നും, എത്രത്തോളം വേണമെന്നും തീരുമാനിച്ച് എഴുതി തയ്യാറാക്കുന്നു.<br>ആരോഹണ അവരോഹണ ക്രമങ്ങളിൽ എണ്ണാനറിയുക<br>ഒറ്റ സംഖ്യകൾ ഇരട്ടസംഖ്യകൾ, വലുതേത് ചെറുതേത് (2 സംഖ്യകൾ മാത്രം രണ്ടിൽ കൂടുതൽ സംഖ്യകൾ ചേർന്നാൽ) താരതമ്യം<br>ആരോഹണ, അവരോഹണ ക്രമം.(ക്ലാസ് അനുസരിച്ച് സംഖ്യകൾ വ്യത്യാസപ്പെടുത്തുന്നു.)<br>സ്ഥാന വില (വ്യത്യസ്ത മാതൃകയിലുള്ള പ്രവർത്തന ബാങ്ക് )<br>സ്ഥാന വില പോക്കറ്റ് ഓരോ കുട്ടിക്കും.സംഖ്യാ വ്യാഖ്യാനം.<br>സംഖ്യാ വ്യാഖ്യാനത്തിന്റെ പ്രവർത്തന ബാങ്ക് തയ്യാറാക്കുന്നു.<br>പാറ്റേൺ തയ്യാറാക്കുന്നു.- സംഖ്യ ബോധത്തിന്റെ മേഖല പരിഗണിച്ച് പാറ്റേണുകൾ നിർമ്മി ച്ച് പരിശീലിപ്പിക്കുന്നു.<br>മഞ്ചാടിയും, പുളിങ്കുരുവും, ഈർക്കിലും ഉപയോഗിച്ച് സംഖ്യ | സ്കൂൾ എസ്.ആർ.ജി |

| | | | |
|---|---|---|---|
| | | ബോധ പാറ്റേണുകൾ രൂപീകരിക്കുന്നു.<br>(എസ്.ആർ.ജി ചർച്ച ചെയ്ത് പാറ്റേണുകൾ കണ്ടെത്തുന്നു.) | |
| ക്ലാസ് തലത്തിൽ പ്രവർത്തനങ്ങളുടെ ഒരു ബാങ്ക് തയ്യാറാക്കുന്നു. | 2025 ഏപ്രിൽ/ മെയ് | ഓരോ ക്ലാസ് അധ്യാപകനും അവരുടെ ക്ലാസിന്റെ പഠനനേട്ടങ്ങൾക്ക് ആവശ്യമായ പ്രവർത്തനങ്ങളുടെ ധാരണ ഉണ്ടാക്കുന്നു. ആ ധാരണ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപികരിക്കുന്നു. അതിന് ആവശ്യമായ ഉപകരണങ്ങൾ, വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധിക പ്രവർത്തനത്തിനായി ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു. | |
| എൽ.എസ്.എസ് പരിശീലനത്തിന് പ്രത്യേക പാക്കേജ് | 2025 ഓഗസ്ത് മാസം | എസ്.ആർ.ജി , എൽ.എസ്.എസ് ചർച്ച ചെയ്യുന്നു.<br>മുൻ മാതൃകകൾ പഠിച്ച് .സമാനമായതും ക്രിയാത്മകവുമായ പുതിയ മാതൃക പ്രവർത്തനങ്ങൾ രൂപികരിക്കുന്നു.<br>പ്രതേക സമയം തീരുമാനിച്ച് സ്കൂളുകളിൽ പരിശീലനം നൽകുന്നു.<br>മാതൃക പ്രവർത്തനങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കുന്നു. | എസ്. ആർ.ജി |

| | | | |
|---|---|---|---|
| ഗണിതക്യാമ്പ് നടത്തുന്നു. | ക്രിസ്മസ് അവധി ക്കാലം | ക്രിസ്മസ് അവധിക്കാലത്ത് 3,4,5 ക്ലാസിലെ കുട്ടികൾക്ക് ക്യാമ്പ് നടത്തുന്നു.<br>ഗണിക കൗതുകം, പസിലുകൾ, ഗയിമുകൾ, നിർമ്മാണം, ഒറിഗാമി, പാറ്റേൺ (ഈ മേഖല കളിലെ വിദഗ്ധൻമാരെ ഉൾപ്പെടുത്തുന്നു. | എസ്. ആർ.ജി |
| വിജ്ഞാൻ 2018 –2019 പൊതു വിജ്ഞാന ക്വിസ് | എല്ലാ ആഴ്ചകളിലും | ഒരു വർഷത്തേക്കുളള ചോദ്യങ്ങൾ മുൻകൂട്ടി തയ്യാറിക്കി വെക്കുന്നു. വെള്ളിയാഴ്ച ചോദ്യവും ഉത്തരവും നൽകുന്നു .തിങ്കളാഴ്ച ക്വിസ് നടത്തി അടുത്ത അസംബ്ലിയിൽ സമ്മാ നവും നൽകുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് |

## വിലയിരുത്തൽ

### സ്വയം വിലയിരുത്തൽ

- പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു
- പൂർത്തീകരിച്ച പ്രവർത്തനങ്ങൾ, കലണ്ടറിൽ രേഖപ്പെടുത്തുന്നു
- എസ്.ആർ.ജിയിൽ ഒരു അജണ്ട 'വിലയിരുത്തൽ' ആക്കുന്നു.
- പ്രശ്നങ്ങൾ ചർച്ച ചെയ്ത് അധിക സമയം കണ്ടെത്തുന്നു.

### കുട്ടിയെ വിലയിരുത്തൽ

- പൂർത്തീകരിച്ച വർക് ഷീറ്റുകൾ ഫയലിൽ സൂക്ഷിക്കുന്നു
- വർക് ഷീറ്റിന്റെ പേര് പറയുമ്പോൾ വേഗം കണ്ടെത്താൻ കഴിയുന്നു.
- സമാനമായ വർക്ഷീറ്റുകൾ രൂപീകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നു.
- ശില്പശാലകളിലും ക്യാമ്പുകളിലും എ,ബി.സി സർട്ടിഫിക്കറ്റ് നൽകുന്നു
- വർഷാവസാനം 'ഗണിത പ്രതിഭ' സർട്ടിഫിക്കറ്റ് നൽകുന്നു.

രക്ഷിതാക്കളുടെ വിലയിരുത്തൽ

- ക്ലാസ്സ് പി.ടി.എ വിലയിരുത്തൽ വേദിയാക്കുന്നു.
- എന്തുകൊണ്ട് എന്ന് ചർച്ചചെയ്യുന്നു. പരിഹാരം തീരുമാനിക്കുന്നു.
- രക്ഷിതാവിന്റെ ഇടപെടൽ വിലയിരുത്തുന്നു.
- അനുഭവങ്ങൾ പങ്കിടുന്നു.

## പരിസര പഠനം മേഖല

അടിസ്ഥാന ശാസ്ത്രത്തിലേക്ക് കടക്കുന്നതിന് മുമ്പ് തന്റെ പരിസരം പരിചയപ്പെടുക എന്നത് വളരെ പ്രധാനമാണ്. അവിടെ നിരന്തര നിരീക്ഷണങ്ങളും ലഘു പരീക്ഷണങ്ങളും, വിവിധ ശേഖരണവും അനിവാര്യഘടകങ്ങളാണ്. നിരന്തരം പുവ് നിരീക്ഷിക്കുന്ന ഒരു കുട്ടിക്ക് മാത്രമേ വ്യത്യസ്ത പുവുകളുണ്ടെന്നും, അതിനുമപ്പുറം അവ പല രീതിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുമുള്ള ധാരണ ഉണ്ടാവുകയുള്ളു. അതിലൂടെ മാത്രമേ താരതമ്യം ചെയ്യാനും പട്ടികപ്പെടുത്താനും ദത്തങ്ങൾ അപഗ്രഥിച്ച് നിഗമനത്തിലെത്താനും കഴിയൂ. ഈ ഒരു പശ്ചാത്തലത്തിൽ എന്റെ സ്കൂളിന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ ക്രോഡീകരിക്കുന്നു.

1) വ്യത്യസ്ത കാഴ്ചനുഭവങ്ങൾ പങ്കുവയ്ക്കുന്നു.
2) പുതിയ കാഴ്ചനുഭവങ്ങൾ ഒതുക്കി കൊടുക്കുന്നു.
3) വിദഗ്ദന്മാരുടെ സേവനം ലഭ്യമാക്കുന്നു.
4) പ്രകൃതിയെ ഒരു പാഠപുസ്തകമാക്കുന്നു.
5) പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുന്നു.
6) സമയബന്ധിതമായും ഫലപ്രദമായും പാഠഭാഗം വിനിമയം ചെയ്യുന്നു.

### പരിപാടികൾ

- ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.
- പരിസരശുചിത്വ മനോഭാവം വളർത്തൽ.
- പരിസര ദിനാചരണം.
- പരീക്ഷണം – പരീക്ഷണക്കുറിപ്പ്, പ്രതിവാര പരിപാടി.
- ശേഖരണം – വിത്ത്, ഇല, ചിത്രങ്ങൾ, വാർത്തകൾ, മണ്ണ്, കല്ല് എന്നിവ
- പ്രാദേശിക ചരിത്ര രചന
- ഫീൽഡ് ട്രിപ്പുകൾ, നടത്തം, അഭിമുഖങ്ങൾ.

# പരിസരപഠനം

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ജൈവവൈവിദ്യ പാർക്ക് | 1 വർഷം | ജൈവവൈവിദ്യ പാർക്ക് നിർമിക്കുന്നതിന് വേണ്ടി ക്ലാസ് തലത്തിൽ വൈവിദ്യ ങ്ങളുടെ പട്ടിക തയ്യാറാക്കുന്നു . പരിപാലനം കുട്ടികൾക്ക് പ്രത്യേകമായി ചുമതല നൽകുന്നു. പാർക്ക് പരിസരപഠന റഫറൻസാക്കി മാറ്റുന്നു. | എസ്.ആർ.ജി<br>പി.ടി.എ<br>അധ്യാപകർ |
| പരിസര ശുചിത്വ മനോഭാവം വളർത്തൽ | ദീർഘകാലം | ഹരിതകേരളവുമായി ബന്ധിപ്പിക്കുന്നു. ശുചിത്വബോധത്തെ ശുചിത്വ ശീലമാക്കുന്നു. ശുദ്ധം-അശുദ്ധം പ്രശ്നങ്ങളുംപരിഹാരവും.-മനോഭാവം വളർത്തുന്നു പ്ലാക്കാഡുകൾ, പോസ്റ്റുകൾ, നോട്ടീസുകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. പ്രകൃതി നടത്തം സ്ഥലം ആസുത്രണം ചെയ്ത് പ്രതിമാസപരിപാടിആക്കുന്നു. ക്വിസ്, കഥ, കവിത രചനകൾ നടത്തുന്നു. | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| പരിസ്ഥിതി ദിനാചരണം | ജൂൺ 5 | ജൈവവൈവിദ്യ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.<br>പോസ്റ്റർ. മുദ്രാഗീതം, ചിത്രരചന, കവിതകൾ- പതിപ്പുകൾ തയ്യാറാക്കുന്നു.<br>പരിസ്ഥിദിന ക്വിസ് മത്സരം , ബാഡ്ജ് നിർമ്മാണം, റാലി എന്നിവ നടത്തുന്നു.<br>പരിസ്ഥിതി ക്ലബ്ബ് രൂപികരണം ഉദ്ഘാടനം എന്നിവയും നടക്കുന്നു. | എസ്.ആർ.ജി<br>വികസന സമിതി |
| ശേഖരണം | ദീർഘകാലം | ശേഖരണ മനോഭാവം വളർത്താനുള്ള പരിപാടികൾ<br>വിത്ത്, ഇല, കായ, മണ്ണ്, കല്ല് എന്നിവ ശേഖരിക്കുന്നു.<br>ചിത്രങ്ങൾ വാർത്തകൾ (പരിസര പഠനം)<br>ഈ ശേഖരണങ്ങൾ സ്കൂൾ തലത്തിൽ പ്രദർശിക്കുന്നു.<br>ഇവയുടെ വിവരണം പരിസര പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. | ക്ലാസ് ടീച്ചർ |
| പ്രാദേശിക ചരിത്ര രചന | നവംബർ മാസം | പ്രദേശത്തിന്റെ വ്യത്യസ്ത ചരിത്രം എഴുതാനുള്ള പരിശീലനം<br>ആദ്യകാല പ്രകൃതിയുടെ അവസ്ഥ<br>പണ്ടത്തെ കൃഷി- ഇന്നത്തെ കൃഷി<br>കുളം, തോട്, നീർതടം, ആഘോഷങ്ങൾ ഉത്സവങ്ങൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | |
|---|---|---|---|
| ഫീൽഡ് ട്രിപ്പുകൾ അഭിമുഖങ്ങൾ | ദീർഘ കാലം | ഫീൽഡ് ട്രിപ്പ് നടത്തേണ്ട സ്ഥലം, പഠന നേട്ടം ഇവ ചാർട്ട് ചെയ്യുന്നു.<br>അഭുമുഖത്തിനുള്ള പഠനനേട്ടം പ്രവർത്തനങ്ങൾ ചാർട്ട് ചെയ്യുന്നു<br>ആഭിമുഖ കുറിപ്പുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നു | എസ്.ആർ.ജി<br><br>ക്ലാസ് ടീച്ചർ |

## പരിസര പഠനം വിലയിരുത്തൽ:

### സ്വയം വിലയിരുത്തലും പരസ്പരം വിലയിരുത്തലും

- ഡയറിക്കുറിപ്പുകൾ, ശേഖരണങ്ങൾ പരീക്ഷണക്കുറിപ്പുകൽ എന്നിവ സ്വയം വിലയിരുത്തി ഗ്രേഡ് ഫിക്സ് ചെയ്യുന്നു. മറ്റുള്ളവരെ കൊണ്ട് വിലയിരുത്തിച്ച് ഗ്രേഡ് ചെയ്യിക്കുന്നു.

### അധ്യാപകന്റെ വിലയിരുത്തൽ

- ഓരോ കുട്ടിക്കും വേണ്ടി ഒരു വിലയിരുത്തൽ പേജ് കരുതുന്നു.
- വർക് ഷീറ്റുകൾ, പരീക്ഷണത്തിന്റെ അവതരണം – പരീക്ഷണക്കുറിപ്പുകൾ, ശുചിത്വ ശീലം, ജൈവവൈവിധ്യ രജിസ്റ്റർ, അഭിമുഖക്കുറിപ്പ്, പ്രാദേശിക ചരിത്ര രചനാ പുസ്തകം എന്നിവയുടെ ഗ്രേഡ് രേഖപ്പെടുത്തുന്നു.
- ശേഖരങ്ങളുടെ പ്രദർശനം ഒരുക്കി വിലയിരുത്തുന്നു.
- പതിപ്പുകൾ പരിശോധിച്ച് ഗ്രേഡിംങ് കുട്ടിക്ക് നൽകുന്നു.
- എസ്.ആർ.ജി യിൽ ചർച്ച ചെയ്യുന്നു.
- സി.പി.ടി.എ യിൽ ചർച്ച ചെയ്യുന്നു.

## രണ്ടാം ഭാഷ – ഇംഗ്ലീഷ്

ഇംഗ്ലീഷ് പഠന മാധ്യമമാവുക എന്നത് എല്ലാ രക്ഷിതാക്കളുടെയും ആഗ്രഹമായി നിലനിൽക്കുന്നു. അതു കൊണ്ട് തന്നെ ഇംഗ്ലീഷിന് അധിക പ്രാധാന്യം നൽകിയേപറ്റൂ. ഇംഗ്ലീഷ് കേൾക്കാനും, പ്രയോഗിക്കാനുമുള്ള പ്രായോഗികാവസരം നൽകുക, ലഭ്യമാക്കുക എന്നതാണ് പ്രധാന കാര്യം. അതിനായി ഏറ്റവും നല്ല രീതിയിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. സ്കൂൾ സാഹചര്യത്തിൽ മൾട്ടീമീഡിയ സാധ്യത ഉപയോഗപ്പെടുത്തലാണ് ഏറ്റെടുക്കാവുന്ന ഏറ്റവും പ്രായോഗിക മാർഗം.

### ലക്ഷ്യങ്ങൾ

- ✓ LSRW മേഖലയ്ക്ക് ഊന്നൽ നൽകുന്നു.
- ✓ തിയറ്റർ പരിശീലനത്തിന് ഊന്നൽ നൽകുന്നു.
- ✓ പാഠ ഭാഗം സമയബന്ധിതമായും ഫലപ്രദമായും വിനിമയം ചെയ്യുന്നു.

### പരിപാടികൾ

- ✓ ICT സാധ്യത ഉപയോഗപ്പെടുത്തി ശ്രവണ സാധ്യത ഒരുക്കുന്നു.
- ✓ ഭാഷണത്തിനും സംഭാഷണത്തിനുമുള്ള പ്രായോഗിക സാധ്യത ഒരുക്കുന്നു.
- ✓ പുസ്തക വായനാ മത്സരം നടത്തുന്നു. പേരുകൾ ഇംഗ്ലീഷിൽ എഴുതി തൂക്കുന്നു. (ടാഗുകൾ)
- ✓ വായനാ കാർഡുകൾ രൂപീകരിക്കുന്നു. ചിത്രകാർഡുകൾ നിർമ്മിക്കുന്നു.
- ✓ സ്കിറ്റ്, റോൾപ്ലേ, മോണോ ആക്റ്റ് എന്നിവ ഇംഗ്ലീഷിൽ പരിശീലിപ്പിച്ച് പ്രദർശനം നടത്തുന്നു.
- ✓ ഇംഗ്ലീഷ് ഭാഷാകളികൾ രൂപീകരിക്കുന്നു – കളിക്കുന്നു.
- ✓ ഇംഗ്ലീഷ് ഫെസ്റ്റ് – നടത്തുന്നു.

## ഇംഗ്ലീഷ്

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ശ്രവണ സാധ്യത ഒരുക്കുന്നു. | ദീർഘകാലം | ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി ശ്രവണ സാധ്യതയ്ക്കുള്ള അവസരങ്ങൾ ഉണ്ടാക്കുന്നുഇതിനാവശ്യമായ വീഡിയോ കണ്ടെത്തി ശേഖരിക്കുന്നു.കൊച്ചുടിവിയിലെ ഇംഗ്ലീഷ് സീരിയൽ കാണാൻ അവസരം ഒരുക്കുന്നു കാർട്ടുൺ സി.ഡി.കൾ, കഥകൾ, ചിത്രീകരണങ്ങൾ എന്നിവ ക്ലാസ് മുറികളിൽ കാണാനും കേൾക്കാനുമുള്ള അവസരം ഒരുക്കു ന്നു. വ്യത്യസ്തങ്ങളായ ഇംഗ്ലീഷ് കഥകൾ, സംഭാഷണങ്ങൾ എന്നിവയും ക്ലാസ് മുറിയിൽകാണാനും ചാർട്ട് ചെയ്യുന്നു കേൾക്കാനുമുള്ള അവസരം ഉണ്ടാക്കുന്നു. | എസ് ആർ.ജി<br>ക്ലാസ് ടീച്ചർ |
| സംഭാഷണം, ഭാഷണം പ്രയോഗിക സാധ്യത ഒരുക്കുന്നു. | അക്കാദമിക് വർഷം | എല്ലാം ക്ലാസുകളിലും ഇംഗ്ലീഷ് (ഭാഷ) പിരീഡിൽ പൂർണമായും സംഭാഷണം ഇംഗ്ലീഷിലേക്ക് മാറുന്നു. | |

| | | | |
|---|---|---|---|
| | | ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ കാണിച്ച് കുട്ടി കൾക്ക് അവയെക്കുറിച്ച് സംസാരിക്കാനുള്ള അവസരം ഒരുക്കുന്നു. (വിശദാംശം എസ്.ആർ.ജി ചർച്ച ചെയ്ത് തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ |
| | | തന്റെ വ്യക്തിഗത ആവശ്യങ്ങൾ ഇംഗ്ലീഷിൽ പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | |
| | | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. അന്നത്തെ അസംബ്ലിയിൽ അധ്യാപകരും ഇംഗ്ലീഷിൽ നിർദേശങ്ങൾ നൽകുന്നു. | ഓരോ ദിവസത്തെയെയും ചുമതലയുള്ള അധ്യാപകർ |

ഇംഗ്ലീഷ് ഭാഷാ വിലയിരുത്തൽ:

സ്വയം വിലയിരുത്തൽ

- ❖ സ്വന്തം വർക് ഷീറ്റുകൾ പ്രതിമാസം വിലയിരുത്തി ഗ്രേഡ് നൽകുന്നു.
- ❖ ബോധപൂർവ്വം ഇംഗ്ലീഷ് സംഭാഷണം ഉപയോഗപ്പെടുത്തിയത് കുറിച്ച് വെക്കുന്നു ഗ്രേഡ് നൽകുന്നു.
- ❖ കണ്ടെത്തിയ പുതിയ വാക്കുകൾ കുറിച്ച് വെക്കുന്നു.
- ❖ റോൾ പ്ലേ, സ്കിറ്റ്, മോണോ ആക്ട് എന്നിവയിലെ പങ്കാളിത്തവും വിജയവും വിലയിരുത്തുന്നു.
- ❖ വായനാ കാർഡ് നിർമ്മാണം, മറ്റു രചനാ ശില്പശാലകൾ എന്നിവയിലെ ഇടപെടൽ കുറിച്ച് വെക്കുന്നു.

ടീച്ചർ

- ❖ ശില്പശാലയിലും, രചനയിലും തന്റെ റോൾ വിലയിരുത്തുന്നു.
- ❖ ഭാഷാ വികസനത്തിനുള്ള തന്റെ സംഭാവന ടി.എം. ൽ രേഖപ്പെടുത്തുന്നു.

വിദഗ്ദ്ധ പരിശോധന

- ❖ ഇംഗ്ലീഷ് ഫെസ്റ്റ് , മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു

# വായന

## ലക്ഷ്യം

- ഒന്നാം ക്ലാസ്സു മുതൽ അധിക വായന പ്രോത്സാഹിപ്പിക്കും.
- ഉയർന്ന വായനാ ശേഷി കൈവരിക്കും.
  - വിശകലനാത്മക വായന
  - വിമർശനാത്മക വായന
- വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരിലും വായനാ ശീലം ഉണ്ടാക്കും.
- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരനാക്കും.
- വായനാനുഭവം വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം നൽകും.
- രചനാപരമായ കഴിവ് വർധിപ്പിക്കും.
- പ്രാദേശിക വായനാ സാമഗ്രികൾ രൂപീകരിക്കും.

## പ്രവർത്തനം

- ക്ലാസ്സ് ലൈബ്രറി വിപുലീകരിക്കും.
- ക്ലാസ്സ് നിലവാരം പഠന നേട്ടം എന്നിവ പരിഗണിച്ച് പുസ്തകം ഒരുക്കും
- ഓരോ ക്ലാസ്സിലേയും വായനാ ലക്ഷ്യം തീരുമാനിക്കും
- പത്രവായന – ക്ലാസിൽ, അസംബ്ലിയിൽ, പത്രക്വിസ് എന്നിവ നടത്തും.
- ജന്മദിന പുസ്തകം സമാഹരണം നടത്തും.
- ജന്മദിന കലണ്ടർ ഉണ്ടാക്കും.
- വായനാ വാരത്തിൽ വിവിധ പരിപാടികൾ നടത്തും. പുസ്തക പ്രദർശനം – ഉദ്ഘാടനം – വായനാ ക്വിസ്സ് – വായനാ മത്സരം – പുസ്തക ചർച്ച – പതിപ്പ് നിർമ്മാണം.
- ദിനാചരണ പുസ്തക വായന – പരിസ്ഥിതി പുസ്തകം, ബഹിരാകാശ പുസ്തകം, ബഷീർ പുസ്തകം, ഹിരോഷിമ, നാഗസാക്കി ആറ്റംബോംബ് പുസ്തകം, സ്വാതന്ത്ര്യ പുസ്തകം, ഗാന്ധിജി പുസ്തകം, നെഹ്റു പുസ്തകം, ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ എന്നിവ.
  - ✓ രചയിതാക്കളുമായി അഭിമുഖം / സംവാദം
  - ✓ വായനകാർഡിന്റെ ഉപയോഗം
  - ✓ ക്ലാസ്സ് പി.ടി.എ പുസ്തക പരിചയം
  - ✓ പ്രാദേശിക സദസ്സ് സംഘടിപ്പിച്ച് – പുസ്തക സംവാദം
  - ✓ അമ്മ വായന

## വായന

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ക്ലാസ് ലൈബ്രറി വിപുലീകരണം | തുടർ പരിപാടി | പ്രത്യേക പരിപാടികൾ ജന്മദിന സമ്മാനം ഗൃഹ സന്ദർശനം, പഞ്ചായത്ത്, എസ്.എസ്.എ സഹായങ്ങൾ | എസ്.ആർ.ജി വികസന സമിതി |
| ക്ലാസ് നിലവാരം, പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകം ശേഖരിക്കുന്നു. | തുടർ പരിപാടി | ഓരോ ക്ലാസിലേക്കും ആവശ്യമായപുസ്തകങ്ങൾ കണ്ടെത്തുന്നു. ഭാഷാ, ശാസ്ത്ര, ഗണിതം, പരിസര പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു. | എസ്.ആർ.ജി |
| ഓരോ ക്ലാസിലേയും വായന ലക്ഷ്യം തീരുമാനിക്കുന്നു | ജൂൺ | ഒന്നാം തരം ചിത്രങ്ങളും പദങ്ങളും, ചിത്രകഥകൾ, ചിത്ര വിവ രണം (വീട്, പുഴ, അച്ഛൻ, അമ്മ, ആന) | ക്ലാസ് ടീച്ചർ |
| | | രണ്ടാം തരം ചിത്രകഥകൾ, ചിത്രവിവരണം, ലഘുകഥകൾ, ലഘുകവിതകൾ ജീവചരിത്രം | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | | **മൂന്നാംതരം**<br>ചിത്രകഥകൾ,<br>ചിത്രവിവരണം,<br>ലഘുകഥകൾ,<br>ലഘുകവിതകൾ<br>ജീവചരിത്രം, ആത്മകഥ | ക്ലാസ് ടീച്ചർ |
| | | **4,5 ക്ലാസുകൾ**<br>ചിത്രകഥകൾ,<br>ചിത്രവിവരണം,<br>ലഘുകഥകൾ,<br>ലഘുകവിതകൾ<br>ജീവചരിത്രം, ആത്മകഥ<br>ചരിത്ര കഥകൾ, നോവൽ | ക്ലാസ് ടീച്ചർ |
| പത്രവാർത്തകളുടെ വായന | ആഴ്ചയിൽ അഞ്ചു ദിവസം | അസംബ്ലിയിൽ<br>പത്രവായനക്ലാസിൽ പത്ര വായന,പത്രക്വിസ്<br>പ്രധാന വാർത്തകൾ വാർത്താബോഡിൽ എഴുതൽ | ക്ലാസ് ടീച്ചർ |
| അഭിമുഖം | വായനാ വാരം | സാഹിത്യകാരൻമാരുമായി അഭിമുഖം | വിദ്യാരംഗം |
| വായനാകാർഡിന്റെ ഉപയോഗം | തുടർ പരിപാടി | എസ്എസ്എ വായന കാർഡുകളുടെ വായന<br>വീട്ടിൽ കൊടുത്തയച്ച് പിറ്റേ ദിവസംകാർഡിലെ ആശയം ചോദിച്ച് വിലയി രുത്തൽ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| പ്രാദേശിക സദസ്സ് സംഘടിപ്പിച്ച് പുസ്തക സംവാദം | ടേമിൽ ഒരു പ്രാവശ്യം | പി.ടിഎ ചേരുന്നു, കുട്ടി കൾ പുസ്തകപരിചയ പ്പെടുത്തുന്നു. രക്ഷിതാ ക്കൾ ഒപ്പം ചേരുന്നു. ഒരു ക്ലാസിൽ നിന്ന് ഒരാൾ വീതം | ക്ലാസ് ടീച്ചർ |
| ജന്മദിന പുസ്തക സമാഹരണം | തുടർ നടപടി | ജന്മദിന കലണ്ടർ സ്ഥാ പിക്കുന്നു. ജന്മദിന പുസ്ത ക ആസ്വാദ നകുറിപ്പ് ജന്മദിന പുസ്തക പരിച യം അസംബ്ലിയിൽ പുസ്തക പ്രദർശനം | ക്ലാസ് ടീച്ചർ |
| വായന വാരാചരണം | ജൂൺ19 മുതൽ ഒരാഴ്ച | ഉദ്ഘാടനം വായനാക്വിസ് വായനാമത്സരം പുസ്തക ചർച്ച പതിപ്പ് നിർമ്മാണം | വിദ്യാരംഗം കലാസാഹിത്യ വേദി |
| ദിനാചരണ പുസ്തക വായന | ദിനാചര ണദിവസ ങ്ങൾ | പരിസ്ഥിതിദിന പുസ്തകങ്ങൾ ബഹിരാകാശം,ചന്ദ്രൻ പുസ്കങ്ങൾ ബഷീർദിനംപുസ്കങ്ങൾ ഹിരോഷിമ നാഗസാക്കി അനുബന്ധ പുസ്കങ്ങൾ സ്വാതന്ത്ര്യ സമര കഥകൾ ദേശീയനേതാക്കൾ, സാമൂഹ്യ പരിഷ്കർത്താ ക്കൾഎന്നിവയെക്കുറിച്ചുളള പുസ്കങ്ങൾ | ക്ലാസ് ടീച്ചർ |
| വായനകോർണർ | അക്കാദമി ക് വർഷം | വായനപുര ഒരുക്കുന്നു (മേശ, കസേര, അലമാര പത്രം, മാസികകൾ) | പി.ടി.എ |

വായന വിലയിരുത്തൽ:

1) സ്വയം വിലയിരുത്തൽ

കുട്ടി – ക്ലാസിൽ, രക്ഷിതാവ് – സി.പി.ടി.എ യിൽ, ക്ലാസ്സ് ടീച്ചർ – എസ്.ആർ. ജി. യിൽ, ഹെഡ്മാസ്റ്റർ – എസ്.ആർ. ജി. യിൽ, ക്ലാസ്സ് .പി.ടി.എ – ജനറൽ .പി.ടി.എ.

2) സ്റ്റാർ കാർഡ്

എല്ലാ കുട്ടികൾക്കും ഒരു വായന കാർഡ് (സ്റ്റാർ കാർഡ്) നൽകുന്നു. പുസ്തകം വായിച്ചാൽ ചുവന്ന സ്റ്റാർ, അസംബ്ലിയിൽ വായനാ കുറിപ്പ് അവതരിപ്പിച്ചാൽ പച്ചസ്റ്റാർ – പുസ്തക പരിചയം നടത്തിയാൽ നീലസ്റ്റാർ, ക്വിസ്സ മത്സരങ്ങൾ ക്ക് സമ്മാനം ലഭിച്ചാൽ മഞ്ഞസ്റ്റാർ. ഏറ്റവും കൂടുതൽ സ്റ്റാർ ലഭിച്ച കുട്ടി സൂപ്പർ സ്റ്റാർ.

3) രക്ഷിതാക്കളുടെ വായനാനുഭവം പങ്കുവെക്കൽ – സി.പി.ടി.എ വിലയിരുത്തൽ.

4) വായനാ കുറിപ്പുകൾ വിലയിരുത്തി ഗ്രേഡുകൾ നൽകുന്നു.

5) ക്ലാസ്സ് റൂം ലൈബ്രറി, വായനപ്പുര എന്നിവയുടെ ഉപയോഗം നിരീക്ഷിക്കുന്നു.

6) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ചിത്രങ്ങൾ, വാക്കുകൾ, അവസരോചിതമായി ഇടപെടലുകൾ നിരീക്ഷിക്കുന്നു – രേഖപ്പെടുത്തുന്നു.

## സർഗാത്മക പ്രവർത്തനങ്ങൾ

### ലക്ഷ്യം

- സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം.
- ദിനാചരണങ്ങളെ സർഗാത്മതയ്ക്കുള്ള വേദിയാക്കുന്നു.
- സർഗ ചിന്തകൾക്ക് വിപുലമായ അവസരം ഒരുക്കുക.
- വ്യത്യസ്ത രീതീയിൽ ചിന്തിക്കാൻ അവസരം ഒരുക്കുക.
- നേതൃപാടവം ഒരുക്കുക.
- പ്രതികരണ ശേഷി വളർത്തുക.

### പ്രവർത്തനങ്ങൾ

- ദിനാചരണങ്ങൾ ഏറ്റെടുത്ത് ആസൂത്രണം ചെയ്ത് നടത്തുന്നു.
- തീയറ്റർ പരിശീലനം നേടുന്നു.
- പതിപ്പുകൾ നിർമ്മിക്കുന്നു.
- ചിത്രങ്ങളും ശില്പങ്ങളും ശേഖരിക്കുന്നു, നിർമ്മിക്കുന്നു.
- പോസ്റ്റർ രചന നടത്തുന്നു.
- ബാഡ്ജ്, ആശംസാകാർഡുകൾ നിർമ്മിക്കുന്നു.
- പ്രവൃത്തി പരിചയ ശില്പശാലകൾ സംഘടിപ്പിക്കുന്നു.

## സർഗ്ഗാത്മകം

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ദിനാചരണങ്ങൾ ആസൂത്രണം ചെയ്ത് വ്യത്യസ്ത പരിപാടികൾ നടത്തുന്നു | തുടർ പരിപാടി | **ജൂൺ 5 പരിസ്ഥിതി ദിനം**<br>പോസ്റ്റർ രചന<br>ബാഡ്ജ് നിർമ്മാണം<br>മുദ്രഗീതം നിർമ്മാണം<br>പതിപ്പ് നിർമ്മാണം | പരിസ്ഥിതി ക്ലബ് |
| | | **ജൂലായ് 5 ബഷീർ ദിനം**<br>ബഷീർ കഥാപാത്രങ്ങൾ ക്ലാസ്റൂം സന്ദർശനം സ്കിറ്റ് മാതൃകയിൽ | വിദ്യാരംഗ കലാസാഹിത്യ വേദി |
| | | **ആഗസ്ത് 6.9 ഹിരോഷിമ നാഗസാക്കിദിനം**<br>ഒറിഗാമി സഡാക്കോ നിർമ്മാണം–ബോംബ് മാതൃക<br>ടാബ്ലോ– ഹിരോഷിമ ഒരു നിമിഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| | | **ആഗസ്ത് 15 സ്വാതന്ത്ര്യ ദിനം**<br>ഗ്രൗണ്ട് ഷോ<br>സ്വാതന്ത്ര്യ സമരത്തിലെ ഒരു ഏട് (ഓരോ വർഷവും വ്യത്യസ്ത ഏടുകൾ) സ്വാതന്ത്ര്യ ദിന റാലി, പതാക നിർമ്മാണം | സാമൂഹ്യ ശാസത്ര ക്ലബ് |
| | | **ഓണഘോഷം**<br>മാവേലി വേഷം<br>ഘോഷയാത്ര<br>ഓണസദ്യ, ഓണപ്പൂക്കളം | പി.ടി.എ |
| | | **ഒക്ടോബർ2 ഗാന്ധിജയന്തി**<br>ഗാന്ധിജി ഗ്രൗണ്ട് ഷോ<br>**നവംബർ 14 ശിശുദിനം** | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | |
|---|---|---|---|
| | | നെഹ്റുവിന്റെ ജീവിതം<br>ഒരു ഏട് ഗ്രൗണ്ട് ഷോ<br>നെഹ്റു ക്വിസ്<br>കുട്ടികളുടെ<br>അവകാശങ്ങൾ<br>ബോധവത്ക്കരണം | എസ്.ആർ.ജി |
| | | **ഡിസംബർ 25**<br>**ജനുവരി 1 ക്രിസ്മസ് –**<br>പുതുവത്സരാഘോഷം<br>കാർഡ് നിർമ്മാണം<br>കാർഡ് കൈമാറൽ<br>ക്രിസ്മസ് കരോൾ<br>കേക്ക് മുറി | എസ്.ആർ.ജി<br>പി.ടി.എ |
| | | ഇഫ്താർ സംഗമം<br>സമൂഹ നോമ്പ് തുറ<br>(പ്രസ്തുത മാസം) | പി.ടി.എ |
| | | വാർഷികാഘോഷം<br>(മാർച്ച് അവസാനം)<br>മികവുകളുടെ പ്രദർശനം<br>കുട്ടികളുടെ വിവിധ കലാ<br>പരിപാടികൾഅനുമോദനം | പി.ടി.എ<br>വികസന സമിതി |

## സർഗാത്മകതയുടെ വിലയിരുത്തൽ:

1. സ്വയം വിലയിരുത്തൽ

ദിനാചരണപരിപാടികൾ, വീഡിയോഗ്രാഫി നടത്തുന്നു. അവ കാണുന്നു. വില യിരുത്തി പോരായ്മകൾ കണ്ടെത്തുന്നു. ചാനൽ സംപ്രേഷണം ഉറപ്പാക്കുന്നു. പൊതുജനാഭിപ്രായം സ്വരൂപിക്കുന്നു.

2. സർഗാത്മക ശേഷി പരിശോധന ശില്പശാല ഒരു ശനിയാഴ്ച നടത്തുന്നു. രണ്ടാം ടേമിൽ നൽകുന്നു സന്ദർഭത്തിനുസരിച്ച് നാടകരചന – അവതരണം നടത്തുന്നു – വിലയിരുത്തുന്നു. നല്ല നടനേയും നടിയേയും കണ്ടെത്തുന്നു.
3. പോസ്റ്റർ രചനാമത്സരം, ബാഡ്ജ് നിർമാണ മത്സരം നടത്തുന്നു.
4. ആഗസ്ത് മാസം പ്രവൃത്തി പരിചയ മത്സരം നടത്തുന്നു. മികവ് പുലർത്തുന്നവരെ കണ്ടെത്തുന്നു.
5. 2,3,4,5 ക്ലാസ്സിലെ കുട്ടികളെ 3 ഗ്രൂപ്പാക്കി തിരിക്കുന്നു. പതിപ്പു നിർമ്മാണ മത്സരം – മൂന്നു ഗ്രൂപ്പുകളിൽ മെച്ചപ്പെട്ടത് ഓരോ ഘട്ടത്തിലും തെരഞ്ഞെടുക്കുന്നു.

## അറബിക്

| പരിപാടി | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ജൂലായ് ആഗസ്റ്റ് സെപ്തംബർ | കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കുന്നു. കാർഡ് ചാർട്ട്, ചിത്രം ഉപയോഗിക്കുന്നു. ICT സാധ്യതകൾ ഉപയോ- ഗിക്കുന്നു. | അറബി അധ്യാപകൻ |
| വായന പ്രോത്സാഹിപ്പിക്കൽ | എല്ലാ മാസവും | സ്കൂൾ തല, ക്ലാസ് തല വായന മത്സരം സം- ഘടിപ്പിക്കൽ ഭാഷാ ലൈബ്രറി ഉണ്ടാ ക്കുക അറബി മാഗസിൻ | അറബി അധ്യാപകൻ |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | മാസത്തിൽ രണ്ട് പിരീഡ് (1വർഷം) | വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ. | അറബി അധ്യാപകൻ |
| ടാലന്റ് ടെസ്റ്റ് | മാസത്തിൽ ഒന്നു വീതം (വർഷം മുഴുവനും) | പഴയ ചോദ്യപത്രികകൾ ശേഖരിച്ച് പഠന സംവിധാനം | അറബി അധ്യാപകൻ |
| പോസ്റ്റർ നിർമ്മാണം | വർഷം മുഴുവൻ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം പ്ലക്കാർഡ് നിർമ്മാണം | അറബി ക്ലബ് |
| ദിവസവും ഓരോ ചോദ്യം | എല്ലാ ദിവസവും | ജി.കെ യുമായി ബന്ധപ്പെട്ട് അറബി ഭാഷയിൽ ഒരു ചോദ്യം | അധ്യാപകർ |
| നല്ല ആസ്വാദനം | രണ്ടാഴ്ചയിലൊരി ക്കൽ | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കാൻ | അധ്യാപകർ |

| | | | |
|---|---|---|---|
| | | ആസ്വാദന സഭ ചേരുക. | |
| നല്ല മത്സരങ്ങൾ | എല്ലാ മാസവും | എല്ലാവരും വിജയി എന്നതിലേക്ക് സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക. ക്വിസ്സ്, പദനിർമ്മാണം, മെമ്മറി ടെസ്റ്റ്, ഗദ്യവായന, കഥപറയൽ | അധ്യാപകർ |
| എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ | ആഴ്ചയിൽ ഒരു ദിവസം | കുട്ടികൾക്ക് ടൈപ്പിംങ്ങ് പഠിക്കുവാൻ അവസരം ഒരുക്കുക | അധ്യാപകർ |
| നല്ല സ്കൂൾ വാർഷികം | ഏപ്രിൽ | സ്കൂൾ വാർഷികത്തിൽ അറബിക് ഗ്രൂപ്പ്/സിംഗിൾ ഡാൻസ് etc..... | പൂർവ്വ വിദ്യാർത്ഥികൾ |

## വിശേഷ ദിവസ ആഘോഷങ്ങൾ

പഠന നേട്ടങ്ങളുടെ ക്ലാസ്സ് റൂം അവതരണത്തെ വിശാലമായ വേദിയിൽ അവതരിപ്പിക്കാനുള്ള തുറന്ന അവസരമാണ് ദിനാചരണങ്ങളിലൂടെ നടക്കുന്നത്. ഇതിനുവേണ്ട ഒരുക്കങ്ങൾ ഏറ്റവും നല്ല പഠന പ്രവർത്തനമാണ്. രക്ഷിതാക്കളെയും മറ്റ് വിദ്യാലയ സമൂഹത്തെയും വിദ്യാലയ പ്രവർത്തനങ്ങളിൽ കണ്ണിചേർക്കുന്നതും, സജീവമായി നിലനിർത്തുന്നതും ഇത്തരം ദിനാഘോഷങ്ങളിലൂടെയാണ്.

ദിനാചരണങ്ങൾ ആഘോഷമാക്കും വിദ്യലയം നാടിന്റെ സാംസ്കാരിക കേന്ദ്രമാകും എന്നിവ സ്കൂൾ വികസന രേഖയുടെ ലക്ഷ്യമാണ്. ഇവ സാധിതമാക്കാൻ പ്രയാസമേറെയെങ്കിലും ദിനാചരണങ്ങൾ ആഘോഷമാക്കേണ്ടത് അത്യാവശ്യമാണ്.

പഠന നേട്ടങ്ങളുമായി ഇഴചേർത്ത് കൊണ്ട് മാത്രമേ ദിനാചരണ ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്യാൻ പാടുള്ളു. മൂല്യബോധം ഊട്ടിഉറപ്പിക്കാനും സംസ്കാരം തിരിച്ചറിയാനും ഇതു വഴി കഴിയുന്നു.

പോസ്റ്റർ രചന, ചാർട്ട് നിർമ്മാണം, ബാഡ്ജ് നിർമ്മാണം, മുദ്രഗീത നിർമ്മാണം, പ്ലകാർഡ്, നിർമ്മാണം, പതിപ്പ് നിർമ്മാണം, പ്രസംഗം (ഭാഷണം) ആലാപനം, അഭിനയം, സ്കിറ്റ് നിർമ്മാണം, തിയറ്റർ നൈപുണികൾ (ഒരുക്കം, വേഷം, സംവിധാനം, അഭിനയം) എന്നിങ്ങനെ സമസ്ത മേഖലകളുടെയും ഒരു സമ്മേളനം ഇവിടെ സാധിതമാകുന്നു.

ഈയൊരു കാഴ്ച്ചപ്പാടിലൂടെ രൂപീകരിച്ചതും ഏറെയും പ്രയോഗവത്കരിച്ചതുമായ പ്രവർത്തനങ്ങളുടെ സൂചനകളാണ് ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

# വിശേഷ ദിവസ വിശേഷങ്ങൾ

## പ്രവേശനോത്സവം

- എസ്.ആർ.ജി., പി.ടി.എ., യോഗം തീരുമാനം ഒരുക്കം.
- പുതിയ പ്രവേശനക്കാർക്കുള്ള സമ്മാനം ശേഖരിക്കൽ.
- ഡക്കറേഷൻ, ബാനർ, നോട്ടീസ് – പ്രചരണം.
- ഉദ്ഘാടകൻ മറ്റ് വിശിഷ്ട വ്യക്തികൾ, ജനപ്രതിനിധികൾ ക്ഷണിക്കൽ.
- പുതിയ പ്രവേശനകാരെ ഗെയിറ്റിൽ നിന്നും വരവേൽപ്പ്
- ചടങ്ങ്
- അക്ഷരദീപം തെളിയിക്കൽ
- ഒന്നാം തരത്തിലേക്കുള്ള പ്രവേശനം.
- മിഠായി, പായസം വിതരണം

## ജൂൺ 5 പരിസ്ഥിതി ദിനം

- എസ്.ആർ.ജി, തീരുമാനം, ഒരുക്കം.
- വൃക്ഷത്തൈ ശേഖരിക്കുന്നു. ബാഡ്ജ് തയ്യാറാക്കുന്നു.
- ഉദ്ഘാടകൻ, പ്രഭാഷകൻ -- കണ്ടെത്തുന്നു.
- പ്രത്യേക അസംബ്ലി.
- വൃക്ഷത്തൈ ആദരിക്കൽ ചടങ്ങ്.
- സ്കൂൾ ഗ്രൗണ്ടിലൂടെ ജാഥ – ജാഥ മുദ്രാവാക്യം എഴുതുന്നു.
- പരിസ്ഥിതി ദിന ബാഡ്ജ് തയ്യാറാക്കുന്നു.
- പതിപ്പുകൾ തയ്യാറാക്കുന്നു. (പിന്നീട് ഒരാഴ്ച സമയം കഥ, കവിത, കാർട്ടൂൺ, ഫോട്ടോസ്)

## ജൂൺ 21 യോഗ ദിനം

- യോഗ പരിശീലനം
- ബോധവത്കരണം
- വിദഗ്ധനെ ക്ഷണിക്കുന്നു. (രാവിലെ 9 മുതൽ 10 വരെ)

## ജൂൺ 19 വായനാവാരം

- എസ്.ആർ.ജി., പി.ടി.എ., തീരുമാനം മുന്നൊരുക്കം.

## ഒന്നാം ദിവസം (സാഹിത്യകാരൻ)

- ☐ ഉദ്ഘാടകൻ
- ☐ പ്രാദേശിക വായനശാലയുമായി സഹകരിച്ച് പുസ്തക പ്രദർശനം – ഒരാഴ്ച
- ☐ ക്ലാസ്സ് റൂം ലൈബ്രറി – അലങ്കരിക്കൽ

## രണ്ടാം ദിവസം

- ☐ പ്രത്യേക അസംബ്ലി
- ☐ ആസ്വാദന കുറിപ്പിന്റെ അവതരണം
- ☐ വായനാനുഭവം പങ്കുവെക്കൽ
- ☐ വായനപ്പുരയിൽ ദീപം തെളിയിക്കൽ (പി.എൻ.പണിക്കരുടെ ഫോട്ടോ)

## മൂന്നാം ദിവസം

- ☐ അമ്മ വായന – പരിപാടി അവതരണം
- ☐ വായനാക്കുറിപ്പ് – ചർച്ച
- ☐ വായനാക്കുറിപ്പിന്റെ എഴുത്തിനെ സഹായിക്കാനുള്ള ഫോർമാറ്റ്
- ☐ അമ്മ വായനാപുസ്തകം വിതരണം.

## നാലാം ദിവസം

- ☐ ക്ലാസ്സ് റൂം ലൈബ്രറി ശാക്തീകരണം
- ☐ ഒരു കുട്ടി ഒരു പുസ്തകം – ക്ലാസ്സ് ലൈബ്രറിയിലേക്ക്
- ☐ പുസ്തക വിതരണോദ്ഘാടനം. – പൊതു ലൈബ്രറി
- ☐ ക്ലാസ് തല വായനാ മത്സരം

## അഞ്ചാം ദിവസം

- ☐ ക്വിസ് മത്സരം – മലയാളം മനോഹരം
- ☐ വായനാകുറിപ്പ് അവതരണം അസംബ്ലിയിൽ
- ☐ വായനാമത്സരം, ക്വിസ്സ് എന്നിവയ്ക്കുള്ള സമ്മാന വിതരണം.

- ആദ്യ ദിവസം രാവിലെ ഒരു മണിക്കൂർ ഉപയോഗപ്പെടുത്തുന്നു.
- പിന്നീട് ക്ലാസ് സമയം ഉപയോഗപ്പെടുത്തുന്നില്ല.
- 9.30 മുതൽ 10 മണി വരെ പരിപാടി നടത്തുന്നു.

<u>ജുലായ് 5 ബഷീർ ദിനം</u>

- ബഷീർ അനുസ്മരണ പരിപാടി
- എസ്.ആർ.ജി തീരുമാനം
- ബഷീറിനെ തീരുമാനിക്കുന്നു. ബഷീറിന്റെ സംഭാഷണം.
- ഈസിചെയർ, വേഷം തയ്യാറാക്കുന്നു.
- ബഷീർ പുസ്തകങ്ങളുടെ ശേഖരണം, പ്രദർശനം
- ബഷീർ എല്ലാ ക്ലാസിലും സന്ദർശിക്കുന്നു.
  - സ്വന്തമായി പരിചയപ്പെടുത്തുന്നു.
  - പുസ്തകവും കാണിക്കുന്നു.
- അരമണിക്കൂർ സമയം മാത്രം ഉപയോഗിക്കുന്നു.

<u>ജുലായ് 21 ചാന്ദ്രവിജയദിനം</u>

- SRG, PTA തീരുമാനം
- ഗ്രൗണ്ട് ഷോ
  - മുറ്റത്ത് ചന്ദ്രനെ സൃഷ്ടിക്കുന്നു.
  - നീൽ ആംസ്ട്രോങ് - ഒരു കുട്ടി
  - ചന്ദ്രനിലെ വിശേഷങ്ങൾ ഒരു കുട്ടി ചോദിക്കുന്നു.
  - ഭാരവ്യത്യാസം അവതരിപ്പിക്കുന്നു.
  - എലിബാണം, റോക്കറ്റ് വിശദീകരണം
  - പാറകൊണ്ടു വന്ന കാര്യം - ഒ.എൻ.വി. കവിത
- എല്ലാവരും ചന്ദ്രനിൽ കാലുകുത്തുന്നു
- ചന്ദ്രനിലെ നടത്തം അനുകരിക്കുന്നു.
- ബാഡ്ജ് തയ്യാറാക്കുന്നു.

- ബഹിരാകാശ ക്വിസ്സ് മത്സരം –സമ്മാനം
- രക്ഷിതാക്കളെ ക്ഷണിക്കുന്നു.
- ഒരു മണിക്കൂർ സമയം ഉപയോഗപ്പെടുത്തുന്നു.
- എല്ലാ ക്ലാസ്സിലും ചാന്ദ്രദിന ചാർട്ട് രൂപീകരിക്കുന്നു
  – ജൂലായ് 21 ന് പ്രകാശനം മാത്രം

**ഭക്ഷണമേള**

(ജൂലായ് മാസത്തിലെ ഒരു ദിവസം ബഷീർദിനം/ചാന്ദ്രദിനം)

- പി.ടി.എ തീരുമാനം ,എസ്.ആർ.ജി തീരുമാനം
- നാടൻ ജൈവ ഭക്ഷണമേള
- നാടൻ ഭക്ഷണം പരിചയപ്പെടുത്തുന്നു
- ഏത് തരം ഭക്ഷണം എന്നത് പി.ടി.എ യിൽ തീരുമാനിക്കുന്നു
- മഴക്കാല ആരോഗ്യം –കർക്കടക ക്ലാസ്സ് ആരോഗ്യപ്രവർത്തകൻ
- എല്ലാ രക്ഷിതാക്കളും ഭക്ഷണം തയ്യാറാക്കുന്നു
- സ്കൂൾ സമൂഹത്തിലെ വിശിഷ്ട വ്യക്തിയെ പ്രത്യേകം ക്ഷണിക്കുന്നു.

**ആഗസ്ത് 6, 9 ഹിരോഷിമ നാഗസാക്കി ദിനം**

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ആഗസ്ത് 6 നോ , 9 നോ ഒരു ദിവസം പ്രത്യേക അസംബ്ലി
- ക്വിസ് മത്സരം
- പോസ്റ്റർ രചനാമത്സരം
- എൽ.സി.ഡി.ഷോ
- പ്ലക്കാർഡ് നിർമ്മാണം
- യുദ്ധവിരുദ്ധ റാലി
- ബോംബിന്റെ മാതൃക നിർമ്മാണം പ്രദർശനം
- ദുരന്തം വിഷയമാക്കി ചാർട്ട് നിർമ്മാണം

## ആഗസ്ത് 15 സ്വാതന്ത്ര്യദിനം

- എസ്.ആർ.ജി, പി.ടി.എ തീരുമാനം-ഒരുക്കം
- സ്കൂൾ അലങ്കരിക്കൽ
- ഗ്രൗണ്ട് ഷോ-അവതരണം

  സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളുടെ അവതരണം സ്ക്രിപ്റ്റ് രചന, തീയേറ്റർ പരിശീലനം എന്നിവ നേരത്തേ നടത്തുന്നു)
- സ്വാതന്ത്ര്യദിന ഘോഷയാത്ര-ചെണ്ട
- പ്ലക്കാർഡ് നിർമ്മാണം
- മുദ്രാഗീത നിർമ്മാണം
- പതാക ഉയർത്തൽ-അനുബന്ധ പരിപാടികൾ
- ചടങ്ങ്
- പായസ വിതരണം

## ഓണാഘോഷം

## ആഗസ്ത്-സെപ്തംബർ

- എസ്.ആർ.ജി,പി.ടി.എ തീരുമാനം-ഒരുക്കം അലങ്കരിക്കൽ
- ഉദ്ഘാടകൻ ,അതിഥികൾ,ജനപ്രതിനിധികൾ
- ഊഞ്ഞാൽ
- രക്ഷിതാക്കളുടെ തിരുവാതിര
- എസ്.എസ്.ജി അംഗങ്ങളുടെ 'ഗാനമാലിക'
- പൂക്കളം അമ്മമാർ
- ഓണം- ഘോഷയാത്ര
  - മാവേലി,വാമനൻ,പുലിവേട്ടക്കാർ
  - ചെണ്ട
  - മലയാളത്തനിമ വേഷക്കാർ
  - മിഠായി വിതരണം
- വിഭവ സമൃദ്ധമായ ഓണസദ്യ

## സെപ്തംബർ 5 അധ്യാപക ദിനാഘോഷം

- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- ഗുരുവന്ദനം
- പ്രദേശത്തെ വയോധികരായ അധ്യാപകരെ ആദരിക്കുന്നു
- കുട്ടികൾ അധ്യാപകർക്ക് പൂക്കൾ നൽകി സ്വീകരിക്കുന്നു
- ഡോ. എസ് രാധാകൃഷ്ണന്റെ പടത്തിൽ പൂക്കൾ അർപ്പിക്കുന്നു.
- കുട്ടികളുടെ കലാപരിപാടികൾ
- പായസ മത്സരം

## ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ഗ്രൗണ്ട് ഷോ
  - ഗാന്ധിയുടെ സമരനേതൃത്വവുമായി ബന്ധപ്പെട്ട് ഒരു ഏട്
  - സ്ക്രിപ്റ്റ് രചന,തീയേറ്റർ പരിശീലനം
  - വേഷം തീരുമാനിക്കൽ
- സ്കൂൾ അലങ്കരിക്കൽ
- പ്രത്യേക അസംബ്ലി
- സ്കൂൾ തലം ഗാന്ധി ക്വിസ്സ്
- ഗാന്ധിജി – ചാർട്ട് രൂപീകരണം

## നവംബർ 14 ശിശുദിനം

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ഗ്രൗണ്ട് ഷോ
  - നെഹ്റു ജീവിത ഏട്
  - സ്ക്രിപ്റ്റ് നിർമ്മാണം
  - തീയേറ്റർ പരിശീലനം
- നാടൻ പാട്ട് മേള
- നെഹ്റു ക്വിസ് മത്സരം
- നെഹ്റു പതിപ്പ് രൂപീകരണം
- നെഹ്റു പതിപ്പ് രൂപീകരണം
- നെഹ്റു വേഷം –ആശംസ

ബാലോത്സവം

ക്രിസ്തുമസ്-പുതുവത്സരാഘോഷം

- പരീക്ഷകഴിഞ്ഞ്
- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- ക്രിസ്മസ് കൂട്,ക്രിസ്മസ് ട്രീ ഒരുക്കുന്നു
- സ്റ്റാർ അലങ്കാരം ഒരുക്കുന്നു.
- ക്രിസ്മസ് കേക്ക് ഒരുക്കുന്നു.
- അപ്പൂപ്പൻ ചെണ്ട, ഘോഷയാത്ര കരോൾ ഗാനം മധുര വിതരണം.
- ഉദ്ഘാടനം
- അങ്കൺവാടി കുട്ടികളുടെ കലാപരിപാടികൾ
- സ്കൂൾ കുട്ടികളുടെ കലാപരിപാടികൾ
- ക്രിസ്തുമസ് സദ്യ

ജനുവരി 26

റിപ്പബ്ലിക് ദിനാഘോഷം

- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- പ്രത്യേക അസംബ്ലി,പതാക ഉയർത്തൽ
- ചടങ്ങ്,ജാഥ
- ദേശീയപതാക നിർമ്മാണ ശില്പശാല
- റിപ്പബ്ലിക് ദിന-ചാർട്ട് രുപീകരണം
- റിപ്പബ്ലിക് ദിന-ചാർട്ട് രുപീകരണം
- റിപ്പബ്ലിക് ദിന ക്വിസ്സ്
- പായസം

സ്കൂൾ വാർഷികം

മധ്യവേനൽ അവധിക്കാലം

- കുട്ടികളുടെ നൃത്തനൃത്യങ്ങൾ
- തിരുവാതിര, ഒപ്പന
- അങ്കണവാടി കുട്ടികളുടെ കലാപരിപാടികൾ
- സ്കൂൾ വാർഷിക റിപ്പോർട്ട് (പവർപോയിന്റ് പ്രസന്റേഷൻ)
- രക്ഷിതാക്കൾക്കുള്ള പരിപാടികൾ
- സ്കൂൾ പ്രദർശന മേള- ഉച്ചവരെ
- ഭക്ഷണം
- വിനോദ കായിക മത്സരം-രക്ഷിതാക്കൾക്ക്
- ഇംഗ്ലീഷ് സ്കിറ്റ്
- കലോത്സവത്തിലെ മികച്ച ഇനങ്ങളുടെ അവതരണം
- ഒരുക്കം- നോട്ടീസ്, ബാനർ, സാമ്പത്തിക സമാഹരണം
- പി.ടി.എ തീരുമാനം, ജനുവരി മാസം
- എസ്.ആർ.ജി ചർച്ച ഡിസംബർ മാസം








ഓലായിക്കര നോർത്ത് എൽ.പി സ്കൂൾ
ഹരിത വിദ്യാലയം 2024-25
ശുചിത്വ രംഗത്ത്
10 സ്റ്റാർ ബഹുമതി ലഭിച്ച
കോട്ടയം ഗ്രാമപഞ്ചായത്തിലെ
ഏക വിദ്യാലയം
"എന്റെ വിദ്യാലയം
ശുചിത്വ സുന്ദര വിദ്യാലയം"
എന്റെ ഗ്രാമം...സുന്ദര കോട്ടയം...


ഓലായിക്കര
നോർത്ത
എൽ.പി.സ്കൂൾ
ഒപ്പരം
ദ്വിദിന
സഹവാസം
2025 4 5
ഏപ്രിൽ
(വെള്ളി, ശനി)
പൊതു ഇട
പഠനോത്സവം
ഏപ്രിൽ 5 ശനി വൈകു: 5 മണിക്ക്
ഉദ്ഘാടനം: ശ്രീ. സി രാജീവൻ
(പ്രസിഡണ്ട് കോട്ടയം ഗ്രാമപഞ്ചായത്ത്)







